(ഡി) പഞ്ചിംഗ് സംവിധാനം പ്രധാനപ്പെട്ട എല്ലാ ഓഫീസുകളിലും ഏർപ്പെടുത്താൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പഞ്ചിംഗ് സമ്പ്രദായത്തിന്റെ പുരോഗതി വിലയിരുത്തിവരുന്നുണ്ട്.

(സി) എല്ലാ ഡയറക്ടറേറ്റുകളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയതിനുശേഷം മറ്റ് ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം

42 (50) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിൽ ഏതൊക്കെ തസ്തികകളിൽ നിലവിൽ ഒഴിവുകളുണ്ടെന്ന് വകുപ്പും തസ്തികയും സഹിതം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത തസ്തികകളിൽ പി.എസ്.സി.-ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) 2011 മാർച്ച് 31-ന് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽനിന്ന് എത്ര ജീവനക്കാർ വിരമിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കാലതാമസം ഒഴിവാക്കി ഒഴിവുകളിൽ നിയമനം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. അപേക്ഷാ നടപടികൾ ഓൺലൈനാക്കിയതുമൂലം ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

43 (52) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-ക്ക് ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകളെല്ലാം ഓൺലൈൻ മുഖേനയാക്കിക്കൊണ്ട് എടുത്ത തീരുമാനവും അതുമൂലം ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly